ജീവനക്കാരന്റെ പേരിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) പത്തനംതിട്ട, ആങ്ങമുഴി ഗുരുകുലം യു . പി. സ്കൂൾ അദ്ധ്യാപകനായിരുന്ന ശ്രീ. പി. ജി. ഷാജിയുടെ അപേക്ഷ 18-9-1999-ൽ സർക്കാരിൽ ലഭിക്കുകയും 23-9-1999 ൽ അപേക്ഷയിൻമേൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തു. ഡയറക്ടറുടെ റിപ്പോർട്ട് 9-11-1999 ൽ സർക്കാരിൽ ലഭിച്ചു. ഷാജിയുടെ നിയമനവുമായി ബന്ധപ്പെട്ട ഒരു കോടതി വിധി ഡയറക്ടർ പ്രസ്തുത റിപ്പോർട്ടിൽ പരാമർശിച്ചിരുന്നുവെങ്കിലും അതിന്റെ പകർപ്പ് സർക്കാരിന് അയച്ചുതന്നിരുന്നില്ല. അതിനാൽ കോടതിവിധിയുടെ പകർപ്പും, അതുപ്രകാരം ഹെഡ്മാസ്റ്റർ തസ്തികയിൽ പ്രൊമോഷൻ നൽകിയ ഉത്തരവിന്റെ പകർപ്പും അയച്ചു തരുന്നതിന് 11-11-1999 ൽ ഡയറക്ടറോട് സർക്കാർ വീണ്ടും ആവശ്യപ്പെട്ടു. ഇവ ഡയറക്ടറിൽ നിന്നും 10-3-2000 ൽ സർക്കാരിൽ ലഭിക്കുകയും ആയത് സർക്കാർ പരിശോധിക്കുകയും 4-4-2000ൽ ഹർജിക്കാരനെ ഹിയറിംഗിന് ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. അതിനാൽ ശ്രീ. പി. ജി. ഷാജി നൽകിയ അപേക്ഷയിൻമേൽ നടപടി സ്വീകരിക്കുന്നതിൽ യാതൊരുവിധ കാലതാമസവും സർക്കാരിന്റെ ഭാഗത്ത്നിന്നും ഉണ്ടായിട്ടില്ല.

(സി & ഡി) ബന്ധപ്പെട്ട സെക്ഷനിൽ എത്തുന്ന ഫയലുകൾ കേരള സെക്രട്ടറിയേറ്റ് ഓഫീസ് മാനുവൽ പ്രകാരമാണ് കൈകാര്യം ചെയ്യുന്നതും നിരീക്ഷിക്കപ്പെടുന്നതും.

(ഇ) ഉണ്ട്.

(എഫ്) മേൽ (എ) (ബി) ചോദ്യങ്ങളുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

പ്ലസ്ടു കോഴ്സ് സംബന്ധിച്ച് സുപ്രീംകോടതി കേസുകൾ

104 (2980) ശ്രീ. പി. കെ. കെ. ബാവ :

ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ കോളേജുകളിൽ നിന്നും പ്രീഡിഗ്രി വേർപ്പെടുത്തി വരുന്നതിന്റെ ഭാഗമായി അനുവദിച്ച പ്ലസ് ടു കോഴ്സുകൾ സംബന്ധിച്ച് സുപ്രീംകോടതിയിൽ കേസുകൾ എന്തെങ്കിലും നിലവിൽ ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ എതിർ കക്ഷികൾ ആരൊക്കെയാണ്? വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഈ കേസുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് പ്ലസ് ടു കോഴ്സുകൾ അനുവദിച്ചതിന് സർക്കാർ സ്വീകരിച്ച മാനദണ്ഡം എന്താണെന്ന് കോടതി ആരാഞ്ഞിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ടെങ്കിൽ സുപ്രീകോടതിയുടെ പ്രസ്തുത ചോദ്യത്തിന് സർക്കാർ മറുപടി നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചില സ്വകാര്യ സ്കൂൾ മാനേജർമാരാണ് എതിർ കക്ഷികൾ. ഇവരിൽ മുസ്ലീം എഡ്യൂക്കേഷണൽ സൊസൈറ്റി (എം.ഇ.എസ്.) എസ്. എൻ. ട്രസ്റ്റ് എന്നീ മാനേജ്മെന്റുകളും ചില എയ്ഡഡ് സ്കൂൾ മാനേജർമാരും പെടും.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

ബി. എഡ്. സെന്ററുകൾക്ക് എൻ. സി. ടി. ഇ. അംഗീകാരം നിഷേധിച്ച നടപടി

105 (2981) ശ്രീ. എം. മുരളി :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. കെ. ബാബു :
ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മതാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999-2000 വർഷത്തിൽ സംസ്ഥാനത്തെ എത്ര ബി.എഡ്. സെന്ററുകൾക്ക് എൻ. സി. ടി. ഇ. അംഗീകാരം നിഷേധിച്ചതുമൂലം തുടർന്ന് പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കപ്പെട്ടു ;

(ബി) ഇവയുടെ അംഗീകാരം നിഷേധിക്കപ്പെടാനുള്ള കാരണം വെളിപ്പെടുത്തുമോ ;

(സി) ഇതിന് പരിഹാരം കാണുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 29 സെന്റർ. തുടർന്ന് പ്രവർത്തിക്കാനുള്ള സാഹചര്യം നിഷേധിക്കപ്പെട്ടിട്ടില്ല.

(ബി) 1:10 എന്ന അദ്ധ്യാപക വിദ്യാർത്ഥി അനുപാതം നടപ്പാക്കാത്തതും, ലബോറട്ടറി, ലൈബ്രറി, കെട്ടിട സൗകര്യങ്ങൾ , ഫർണ്ണിച്ചർ, പഠനോപകരണങ്ങൾ, കളിസ്ഥലം തുടങ്ങി എൻ. സി. ടി. ഇ. യുടെ നിബന്ധനകൾ നടപ്പാക്കാത്തതുമാണ് കാരണം.

(സി) എൻ. സി. ടി. ഇ. അധികാരികളുമായി സർക്കാർ പ്രതിനിധി ഇക്കാര്യം ചർച്ച ചെയ്യുകയും അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:10 എന്ന നിർദ്ദേശം പാലിക്കാത്ത ഒറ്റകാരണത്താൽ അംഗീകാരം പിൻവലിക്കുന്നതല്ലെന്ന് എൻ. സി. ടി. ഇ. ഉറപ്പു നൽകുകയും ചെയ്തിട്ടുണ്ട്. മറ്റു നിബന്ധനകൾ

LIBRARY ARCHIVES Kerala Legislative Assembly